MR. V. GANGADHARAN NAIR (*Quilon III—General*) : കാലാവസ്ഥ അനുകൂലമായ പ്രദേശത്തു് വളരെ കുഴപ്പങ്ങൾ ഉണ്ടാക്കുന്നുണ്ടെന്നുള്ള ഈ പ്രശ്നത്തെ അഭിമുഖീകരിക്കുമ്പോൾ ഗവണ്മെൻറ് ശ്രദ്ധിക്കേണ്ടതാണു്.

ANNOUNCEMENTS BY THE PRESIDENT RE: LUNCH INTERVEL.

MR. PRESIDENT : ഇനി എനിക്കു് ഒരു പ്രസ്താവന ചെയ്യുവാൻ ഉണ്ടു്. സാധാരണ ഒരു മണിവരെയാണു് സഭാനടപടികൾ നടന്നു പതിവു്. അതു കഴിഞ്ഞു് ലഞ്ചിനായി പിരിയുന്നു. എന്നാൽ ഈ കവള്ളിയാഴ്ചയാകകൊണ്ടു്, മുസ്ലീം മെമ്പറന്മാരെ ഉദ്ദേശിച്ചു് ഒരു മണിക്കു് സഭ പിരിയുന്നതും വീണ്ടും രണ്ടു മണിക്കു് കൂടുന്നതും ആണു്.

ELECTIONS TO THE INDIAN CONSTITUENT ASSEMBLY

അടുത്തതായി എനിക്കു പ്രസ്താവിക്കുവാനുള്ളതു് ഇൻഡ്യൻ കാൺസ്റ്റിട്ടുവൻറ് അസംബ്ലിയിലേക്കുള്ള തെരഞ്ഞെടുപ്പിനെപ്പറ്റിയാണു്.

ഇൻഡ്യൻ കാൺസ്റ്റിട്ടുവൻറ് അസംബ്ലിയിലേക്കു് ന്യ അംഗങ്ങളെ തിരുവിതാംകൂറിൽനിന്നും അയയ്ക്കുന്നതിനു് അവകാശമുണ്ടെന്നു് കാൺസ്റ്റിട്ടുവൻറ് അസംബ്ലിതന്നെ പ്രഖ്യാപനം ചെയ്തിട്ടുള്ളതാണു്. കാൺസ്റ്റിട്ടുവൻറ് അസംബ്ലിയുടെ നിശ്ചയമനുസരിച്ചു് പകുതിയിൽ കുറയാതെ അംഗങ്ങളെ തെരഞ്ഞെടുത്തയയ്ക്കേണ്ടതാണെന്ന മാത്രമെ വ്യവസ്ഥയുള്ളു. എന്നാൽ മഹാരാജാവുതിരുമനസ്സിലെ ഗവണ്മെൻറിൽ നിന്നും, മുഴുവൻ അംഗങ്ങളേയും ഈ സഭയിൽനിന്നും തെരഞ്ഞെടുത്തയയ്ക്കുന്നതിനു് അനുവദിച്ചിരിക്കുകയാണു്. ഈ നിലയ്ക്കു് ഈ സഭ ന്യ അംഗങ്ങളെ തെരഞ്ഞെടുക്കേണ്ടിയിരിക്കുന്നു. തെരഞ്ഞെടുപ്പു് ആനുപാതികപ്രാതിനിധ്യതത്വമനുസരിച്ചു് കൈമാറാം ചെയ്യാവുന്ന ഒറ്റ വോട്ടുമൂലം (Proportionate representation by single transferable vote) നടത്തുന്നതായിരിക്കും. ഈ തെരഞ്ഞെടുപ്പു് അടിയിൽ വിവരിക്കുന്ന വ്യവസ്ഥകളനുസരിച്ചു നടത്തുന്നതാണു്.

(ക) ഇന്നു കഴിഞ്ഞു് രണ്ടു മണിക്കുമുൻപായി നാമനിർദ്ദേശപത്രികകൾ സഭാസെക്രട്ടറിയെ ഏൽപ്പിച്ചിരിക്കേണ്ടതാണു്. നാമനിർദ്ദേശപത്രികയിൽ നിർദ്ദേശകനായി ഒരംഗവും അനുവാദകനായി മറെറാരംഗവും ഒപ്പിട്ടിരിക്കേണ്ടതും നാമനിർദ്ദേശം ചെയ്യപ്പെടുന്ന

LIBRARY ARCHIVES Kerala Legislative Assembly

അംഗത്തിന്റെ പേരും, തെരഞ്ഞെടുക്കപ്പെട്ടുകയാണെങ്കിൽ കാൺസ്റ്റിട്ടുവൻറ് അസംബ്ളിയിൽ മെമ്പറായി ജോലി ചെയ്യാൻ തയ്യാറാണെന്ന് നിർദ്ദേശകൻ അനേഷിച്ചറിഞ്ഞിട്ടുണ്ടെന്നുള്ള വിവരവും രേഖപ്പെടുത്തിയിരിക്കേണ്ടതാണ്.

(ഖ) നാമനിർദ്ദേശങ്ങളുടെ പരിശോധന നാളെ അതായത് ജൂൺ ൪-ാംനു- ശനിയാഴ്ച രാവിലെ (൧൦-൫൫) പത്തേകാൽ മണിക്കു പ്രസിഡൻറിന്റെ ചേംബറിൽവച്ച് നടത്തുന്നതും, സ്വീകരിച്ചിട്ടുള്ള നാമനിർദ്ദേശപത്രികയിൽ വിവരിക്കുന്ന ഏതെങ്കിലും കാരണത്തിന് നാളെ രാവിലെ ൧൫ മണിക്കുമുൻപ് പിന്മാറുന്നതിനു അവകാശമുണ്ടായിരിക്കുന്നതുമാകുന്നു.

(ന) ആരു് അംഗങ്ങളുടെ നിർദ്ദേശപത്രികകൾ മാത്രമെ അവസാനലിസ്റ്റിൽ ഉള്ളുവെങ്കിൽ അവരെയെല്ലാം കാൺസ്റ്റിട്ടുവൻറ് അസംബ്ളിയിലേക്ക് തെരഞ്ഞെടുത്തിരിക്കുന്നതായി പ്രഖ്യാപനം ചെയ്യുന്നതാണു്.

(ര) ആറിൽ കൂടുതൽ അംഗങ്ങളുടെ നാമനിർദ്ദേശം ഉണ്ടെന്നുവരുകിൽ മേൽ വിവരിച്ച proportionate representation തത്വമനുസരിച്ച് നാളെ അതായത് ജൂൺ ൪-ാംനു- ശനിയാഴ്ച വൈകുന്നേരം ൪-൪൫ മണിക്ക് ഒരു പ്രത്യേക പ്രസിഡൻറിന്റെ അദ്ധ്യക്ഷതയിൽ ഈ അസംബ്ളി ചേംബറിൽവച്ച് തെരഞ്ഞെടുപ്പു നടത്തുന്നതാണു്.

MR. K, SIVARAMA PILLAI : நாமநிர்தேசம் என்றால் என்ன?

MR. PRESIDENT : നാമിനേഷൻ പേപ്പർ. അടുത്തത് യൂണിവേഴ്സിറ്റിയിലേക്ക് മൂന്നു മെമ്പറന്മാരെ തെരഞ്ഞെടുത്തയക്കേണ്ട സംഗതിയാണു്.

HON'BLE MR. A. THANU PILLAI : സർ, ആ സംഗതിയെപ്പറ്റി എനിക്കു് ഈ സഭ മുമ്പാകെ സമർപ്പിക്കുവാനുള്ളത് ഈ കാര്യം മാറ്റിവയ്ക്കണമെന്നാണു്. യൂണിവേഴ്സിറ്റി അക്ടനുസരിച്ച് അസംബ്ളിയിൽനിന്നും മൂന്നു മെമ്പറന്മാരും ശ്രീ ചിത്തിരസ്സേറ്റുകൗൺസലിൽ നിന്നും രണ്ടു മെമ്പറന്മാരേയുമാണ് തെരഞ്ഞെടുക്കുവാനുള്ളത്. ഇപ്പോൾ ഇവിടെ മൂന്നു മെമ്പറന്മാരെ ഈ സഭ തെരഞ്ഞെടുക്കണമെന്ന നിർദ്ദേശമാണ് വന്നിട്ടുള്ളത്. അതിനു് നിയമസാധുതവും ഉണ്ടോ എന്നു സംശയമായിരിക്കുന്നതുകൊണ്ടു് ഇപ്പോൾ അതു് വേണ്ടാ എന്നും രണ്ടാമതു് യൂണിവേഴ്സിറ്റിയിൽനിന്നും എഴുതിവന്നിട്ടുള്ളതായി പ്രസിഡൻറ് അറിയിച്ചു. ഈ നിലയ്ക്ക് യൂണിവേഴ്സിറ്റിയുക്റ്റുതന്നെ ഭേദപ്പെടുത്തി ഈ സഭയ്ക്കു് മെമ്പറന്മാരെ തെരഞ്ഞെടുക്കത്തക്കവണ്ണം

LIBRARY ARCHIVES Kerala Legislative Assembly

[Hon'ble Mr. A. Thanu Pillai]

പ്രത്യേകം വ്യവസ്ഥ ചെയ്യണമോ എന്ന് നല്ലവണ്ണം പരിശോധിച്ച തീരുമാനിക്കേണ്ടിയിരിക്കുന്നു. വേണ്ടിവന്നാൽ അതു ചെയ്യുന്നതിനു യാതൊരു വിഷമവുമില്ല. സെനറ്റിലേക്കു മൂന്നു മെമ്പന്മാരെയാണോ അതോ അഞ്ചുപേരെയാണോ തെരഞ്ഞെടുക്കേണ്ടതെന്ന കാര്യവും ആലോചിക്കണം. മഹാരാജാവുതിരുമനസ്സാണ് യൂണിവേഴ്സിറ്റിയുടെ വൈസ് ചാൻസലർ തിരുമനസ്സുകൊണ്ട് ഇപ്പോൾ ഇവിടെ ഇല്ല. പുറത്തെഴുന്നള്ളിയിരിക്കുകയാണു. നിയമപ്രകാരം അതും ഒരു തടസ്സമായി വന്നിരിക്കുന്നു. ഇങ്ങനെയുള്ള ഈ വിചിത്രസ്ഥിതി നോക്കിയാൽ ഇതിനെപ്പറ്റി വേണ്ടവണ്ണം ആലോചിച്ച് അടുത്ത സമ്മേളനത്തിനുമുമ്പ് തീരുമാനം ചെയ്യാവുന്നതാണ്. ഈ വിഷയത്തിൽ യൂണിവേഴ്സിറ്റിയുമായി ഒരു മണ്ഡരത്തിനു ഇടകൊടുക്കേണ്ട ആവശ്യമില്ല. അതുകൊണ്ട് ഈ സംഗതി മാറ്റിവയ്ക്കണമെന്ന് അപേക്ഷിക്കുന്നു.

MR. A. ATCHUTHAN (*Karthigapally II—General*) : ഞാൻ അതിനെ പിൻതാങ്ങുന്നു.

MR. PRESIDENT : യൂണിവേഴ്സിറ്റി സെനറ്റിലേക്കുള്ള തെരഞ്ഞെടുപ്പ് അടുത്ത സമ്മേളനത്തിലേക്കു മാറ്റിവയ്ക്കണമെന്നുള്ള അഭിപ്രായത്തോട് ആരക്കും എതിരില്ലെന്നു കാണുന്നതിനാൽ അടുത്ത സമ്മേളനത്തിലേക്ക് മാറ്റിയിരിക്കുന്നു.

അടുത്തതു ലെജിസ്ലേറ്റീവ് ബിസിനസ്സ് ആണ്.

The Deputy President occupied the Chair at this time.

LEGISLATIVE BUSINESS.

THE TRAVANCORE PREVENTION OF ADULTERATION BILL.

HON'BLE MR. C. KESAVAN: I beg to introduce the Travancore Prevention of Adulteration Bill and move that the Bill may be referred to a Select Committee. The personnel of the committee will be announced later. This is an enlargement of the Act that is existing now. The existing Act is not comprehensive enough to include other substances than articles of food. It concerns only with food adulteration.

The Travancore Food Adulteration Act of 1106, Act IVof 1106 restricted to the prevention of adulteration of articles of food alone and any prohibition of adulteration of other articles could not therefore be enforced under that Act. It is considered desirable to take power to prohibit the admixture of substances which are not them-

LIBRARY ARCHIVES Kerala Legislative Assembly